# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 211 — 02/03/2020-ൽ മറുപടിക്ക്

## ആരോഗ്യകിരണം പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതിപി. അയിഷാ പോറ്റി<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.കെ.ഡി. പ്രസേനൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) |
| എ) | സംസ്ഥാനത്ത് 18 വയസ് വരെയുള്ള അർഹതപ്പെട്ട എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി 'ആരോഗ്യകിരണം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ജനനം മുതൽ 18 വയസ്സ് വരെ പ്രായത്തിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതി ദായകർക്കും, സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇത്തരം രോഗികളുടെ ഏതെല്ലാം ചെലവുകളാണ് വഹിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) | ഈ പദ്ധതിയിലൂടെ ഒ.പി.ടിക്കറ്റ്, എല്ലാ മരുന്നുകൾ, ആശുപത്രിയിൽ നടത്തുന്ന പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും പൂർണ്ണമായി സൗജന്യമായി ലഭിക്കുന്നതാണ്. ഇത് കൂടാതെ ചില പ്രത്യേക സാഹചര്യങ്ങളിൽ ചില കുട്ടികൾക്കുണ്ടാകുന്ന മാരകമായ അസുഖങ്ങൾക്കുണ്ടാകുന്ന ചികിത്സകൾക്ക് (കരൾ മാറ്റി വയ്ക്കൽ, മജ്ജ മാറ്റി വയ്ക്കൽ തുടങ്ങിയവ) ചികിത്സാ സഹായം സ്വകാര്യ ആശുപത്രികൾ മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്. |
| സി) | പദ്ധതി പ്രകാരം രോഗികൾക്ക് ലഭ്യമാകുന്ന അനുബന്ധ വൈദ്യ സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | സി) | ആശുപത്രിയിൽ ലഭ്യമാകാത്ത മരുന്നുകൾ/ പരിശോധനകൾ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള നിർദ്ദിഷ്ട മരുന്ന് കടകൾ/ ലാബുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. |
| ഡി) | പ്രസ്തുത പദ്ധതിക്കായി ഓരോ ജില്ലയ്ക്കും കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | കോർപ്പസ് ഫണ്ട് നൽകിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് 20 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 5 കോടി രൂപ നാഷണൽ ഹെൽത്ത് മിഷൻ വഴി 9 ജില്ലകൾക്കായി കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ